നം. ഭരണം.ബി4/295/2015/ധന

ധനകാര്യ (ഭരണം-ബി) വകുപ്പ്

തിരുവനന്തപുരം

തീയതി : 30/11/2022

## നോട്ടീസ്

[മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് - ഖണ്ഡിക 53(4)]

1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം താങ്കൾക്കെതിരെ നടപടി സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ എതിർവാദപത്രിക ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അവസാനം ലഭ്യമായ താങ്കളുടെ വിലാസത്തിൽ 05/02/2022 ലെ നം.ഭരണം-ബി4/295/2015-ധന പ്രകാരം കുറ്റാരോപണമെമ്മോയും കുറ്റാരോപണ പത്രികയും അയച്ചിരുന്നുവെന്ന്, ധനകാര്യ വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ നിയാസ് അഹമ്മദ് കെ.എം - നെ അറിയിക്കുന്നു. ആയത് താങ്കളുടെ പിതാവ് കൈപ്പറ്റിയെങ്കിലും ഇതു സംബന്ധിച്ച് താങ്കൾ നാളിതുവരെ മറുപടിയൊന്നും സമർപ്പിച്ചിട്ടില്ല. തുടർന്ന് അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരാകാൻ ആവശ്യപ്പെട്ട് 05/07/2022-ൽ നോട്ടീസ് അയച്ചെങ്കിലും പ്രസ്തുത നോട്ടീസ് അടങ്ങിയ കവർ താങ്കൾ രാജ്യം വിട്ടുപോയതായി രേഖപ്പെടുത്തി തപാൽ അധികാരികൾ തിരിച്ചയച്ചിരിക്കുന്നു. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ താങ്കളുടെ എതിർവാദ പത്രിക/ വിശദീകരണം ലഭ്യമാക്കിയില്ലെങ്കിൽ താങ്കൾക്ക് എതിർവാദമൊന്നുമില്ലെന്ന് കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് താങ്കളെ അറിയിക്കുന്നു. മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ, അയച്ചു കിട്ടേണ്ട വിലാസം സഹിതം അപേക്ഷ നല്കി ധനകാര്യ (ഭരണം-ബി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയിൽ നിന്ന് ഓഫീസ് സമയങ്ങളിൽ പൂർണ്ണരൂപത്തിലുള്ള കുറ്റാരോപണമെമ്മോയും കുറ്റാരോപണപത്രികയും കൈപ്പറ്റാവുന്നതാണ്.

അഡീഷണൽ ചീഫ് സെക്രട്ടറി

ധനകാര്യ വകുപ്പ്

ശ്രീ.നിയാസ് അഹമ്മദ് .കെ എം , S/0 ശ്രീ.മൊഹമ്മദ് ബഷീർ, കൊന്നേപ്പറമ്പിൽ ഹൗസ് , പേട്ട ഗവ.ഹൈസ്കൂളിന് സമീപം, കാഞ്ഞിരപ്പള്ളി പി.ഒ, കോട്ടയം ജില്ല.